/76398/2024

ഭരണഭാഷ – മാതൃഭാഷ

ഫയർ ആൻറ് റെസ്ക്യൂ സർവ്വീസ്സസ്
റീജിയണൽ ഫയർ ഓഫീസ്
കോഴിക്കോട് -673018 ഫോൺ:0495-2323191
ഇ.മെയിൽ: dokkd.frs@kerala.gov.in

നമ്പർ: RFOKKD/193/2024-A2

തീയതി:07-03-2024

APPENDIX H4

<u>നോട്ടീസ്</u>

–

<u>ചാർജ്ജ് മെമ്മോ</u>

അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ മുക്കം അഗ്നിരക്ഷാനിലയത്തിലെ ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) നമ്പർ.2389 (പഴയ നമ്പർ.9619) ശ്രീ.പ്രതീഷ്.ഇ.കെ.-ക്ക് എതിരെയുള്ള ചാർജ്ജുകൾ ചുമത്തികൊണ്ടുള്ള ചാർജ്ജ് മെമ്മോ – ആരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം 07/02/2024 ന് ഇതേ ഫയൽ പ്രകാരം പുറപ്പെടുവിക്കുകയും ആയത് നിങ്ങളുടെ ലഭ്യമായ സ്വദേശ മേൽവിലാസത്തിൽ അയക്കുകയും ചെയ്തിരുന്നു. ടി മെമ്മോയിൽ നിങ്ങൾക്കെതിരെയുള്ള ചാർജ്ജുകൾ വിശദമായി പ്രതിപാദിക്കുകയും 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) പ്രകാരമുള്ള കടുത്ത ശിക്ഷാനടപടികൾ സ്വീകരിക്കാതിരിക്കുന്നതിന് എതിർവാദപത്രിക നൽകുന്നതിന് ആവശ്യപ്പെട്ടിരുന്നു. സ്വദേശ മേൽവിലാസത്തിൽ അയച്ച പ്രസ്തുത തപാൽ കൈപ്പറ്റാതെ താങ്കൾ **"ഇന്ത്യ വിട്ടുപോയി (Left India)"** എന്ന് കാണിച്ച് തിരികെ ലഭിച്ചിരിക്കുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം താങ്കളുടെ വിശദീകരണമടങ്ങിയ എതിർവാദപത്രിക താഴെ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്ന അധികാരിക്ക് ലഭിക്കേണ്ടതും അല്ലാത്തപക്ഷം താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന അനുമാനത്തിൽ നടപടികൾ തുടരുന്നതുമാണ്.

ചാർജ്ജ് മെമ്മോയുടെയും ആരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റിന്റെയും പൂർണ്ണരൂപം താങ്കളുടെ മുൻകൂർ അപേക്ഷയിൻമേൽ ഈ ഓഫീസിലെ സീനിയർ സൂപ്രണ്ടിൽ നിന്നും മേൽപരാമർശിച്ച സമയപരിധിയിക്കുള്ളിൽ താങ്കൾ നേരിൽ ഹാജരായോ, തപാൽ മാർഗ്ഗമോ ലഭ്യമാക്കാവുന്നതാണ്.

REGIONAL FIRE OFFICER
KOZHIKODE

Signed by
Rajeesh T
Date: 07-03-2024 17:02:21

I/68725/2024

ഭരണഭാഷ – മാതൃഭാഷ

രജി.പോസ്റ്റ് /എഡി

ഫയർ ആൻറ് റെസ്ക്യൂ സർവ്വീസ്സസ്
റീജിയണൽ ഫയർ ഓഫീസ്
കോഴിക്കോട് -18 ഫോൺ:0495-2323191
ഇ.മെയിൽ: dokkd.frs@kerala.gov.in

നമ്പർ : RFOKKD/193/2024-A2

തീയതി: 07-02-2024

## ചാർജ്ജ് മെമ്മോ

കോഴിക്കോട് ജില്ലയിലെ മുക്കം അഗ്നിരക്ഷാ നിലയത്തിലെ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) നമ്പർ.2389 (Old No.9619) ശ്രീ. പ്രതീഷ്.ഇ.കെ. -ക്ക് എതിരെയുള്ള ചാർജ്ജുകൾ.

* * * ** *

കോഴിക്കോട് ജില്ലയിലെ മുക്കം അഗ്നിരക്ഷാ നിലയത്തിൽ ജോലി ചെയ്യവെ ഡയറക്ടർ ജനറൽ അവർകളുടെ 22/07/2013 ലെ സേവന ഉത്തരവ് നമ്പർ.82/2013 പ്രകാരം താങ്കൾക്ക് വിദേശജോലിക്കായി 05 വർഷത്തെ ശൂന്യവേതനാവധി അനുവദിക്കപ്പെട്ടതിനെ തുടർന്ന് താങ്കൾ 27/09/2013 മുതൽ അവധിയിൽ പ്രവേശിക്കുകയും അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ ജനറൽ അവർകളുടെ 19/09/2018 ലെ സർവ്വീസ് ഉത്തരവ് നമ്പർ.162/2018 പ്രകാരം 27/09/2018 മുതൽ 26/09/2023 വരെ 05 വർഷത്തേക്ക് ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവായിട്ടുള്ളതുമാണ്. താങ്കൾക്ക് അനുവദിച്ച അവധി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് തിരികെ സർവ്വീസ്സിൽ പ്രവേശിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നമ്പർ.83/2020/ധന, തീയതി : 30.12.2020 പ്രകാരമുള്ള സർക്കാർ സർക്കുലറിൽ നിഷ്കർഷിച്ച രീതിയിൽ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചുകൊണ്ട് ഈ ഓഫീസിലെ 17/08/2023ലെ നമ്പർ.എ2-2976/2013 പ്രകാരം രജിസ്റ്റേഡ് തപാലിൽ താങ്കളുടെ ലഭ്യമായ മേൽവിലാസത്തിൽ കത്തയച്ചുവെങ്കിലും Addressee left India എന്ന് രേഖപ്പെടുത്തി ആയത് കൈപ്പറ്റാതെ തിരികെ ലഭിച്ചിരിക്കുകയാണ്. 27/09/2023 മുതൽ താങ്കൾ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി സർവ്വീസ്സിൽ നിന്നും വിട്ടുനിൽക്കുകയാണ്. ജോലിയിൽ പുന:പ്രവേശിക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലാ ഫയർ ഓഫീസർ താങ്കൾക്ക് രജിസ്റ്റേഡ് തപാലിൽ കത്തയച്ചുവെങ്കിലും Addressee left India എന്ന് രേഖപ്പെടുത്തി കത്ത് തിരികെ ലഭിച്ചതായും കോടഞ്ചേരി പോലീസ് സ്റ്റേഷനിൽ നിന്നും ലഭിച്ച കത്തിൽ താങ്കൾ ജോലി ആവശ്യാർത്ഥം കാനഡയിലാണെന്ന് അറിയിച്ചതായും കോഴിക്കോട് ജില്ലാ ഫയർ ഓഫീസർ 16/01/2024 ലെ കത്ത് നമ്പർ. DFOKKD/4765/2023-A പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ജീവനക്കാർക്ക് വിദേശത്ത് ജോലിക്കായി ശൂന്യവേതനാവധി അനുവദിക്കുന്ന ചട്ടം കെ.എസ്.ആർ. ഭാഗം I അനുബന്ധം XII A പ്രകാരവും ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ സർക്കുലർ നമ്പർ.83/2020/ധന തീയതി.30/12/2020 പ്രകാരവും താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ്സുകൾ (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള കടുത്ത ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആയതിനാൽ താങ്കൾക്കെതിരെ താഴെ പറയുന്ന ചാർജ്ജുകൾ ചുമത്തി കുറ്റാരോപണ പത്രിക പുറപ്പെടുവിക്കുന്നു.

1) അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടുനിൽക്കുക
2) ഗുരുതരമായ കൃത്യവിലോപവും കടുത്ത അച്ചടക്കലംഘനവും

താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ്സുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്കു കീഴിൽ (ചട്ടം 15) ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ശിക്ഷാ നടപടികൾ എടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അതുകാണിക്കാൻ താങ്കളോട് ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദ പത്രിക നൽകുന്നതിനായി ഈ പത്രിക കൈപ്പറ്റുന്ന തീയ്യതി മുതൽ 15 ദിവസം അനുവദിക്കുന്നു. നിർദ്ദേശിച്ച സമയത്തിനുള്ളിൽ താങ്കളുടെ പ്രതിവാദപത്രിക ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊരു വിശദീകരണവും നൽകുവാനില്ലെന്നുള്ള അനുമാനത്തിൽ അച്ചടക്ക നടപടി തുടരുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കുവാൻ ആഗ്രഹിക്കുന്നുവോ എന്നു കൂടി അറിയിക്കുവാൻ താങ്കളോട് ആവശ്യപ്പെടുന്നു. ആരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള പ്രസക്ത റിക്കോർഡുകൾ താങ്കൾക്ക് പരിശോധിക്കാവുന്നതും അപ്രകാരം ആഗ്രഹിക്കുന്നുവെങ്കിൽ താങ്കളുടെ അപേക്ഷയിൻമേൽ മുൻകൂട്ടി നിശ്ചയിച്ച ഏതെങ്കിലും ദിവസം (പ്രതിവാദത്തിനുള്ള പത്രിക സമർപ്പിക്കേണ്ട അവസാന തീയ്യതിക്ക് മുൻപുള്ള ഏതെങ്കിലും പ്രവൃത്തി ദിവസം) ഈ ഓഫീസിലെ സീനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ അവയിൽ നിന്നും ഉദ്ധാരണങ്ങൾ എഴുതിയെടുക്കാവുന്നതുമാണ്.

<u>മേൽ പറഞ്ഞ ചാർജ്ജുകൾ അടിസ്ഥാനമാക്കിയുള്ള ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.</u>

Signed by
Rajeesh T
Date: 07-02-2024 17:45:40

REGIONAL FIRE OFFICER
KOZHIKODE

/68726/2024

**ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്**

കോഴിക്കോട് ജില്ലയിലെ മുക്കം അഗ്നിരക്ഷാ നിലയത്തിൽ ജോലി ചെയ്യവെ ഡയറക്ടർ ജനറൽ അവർകളുടെ 22/07/2013 ലെ സേവന ഉത്തരവ് നമ്പർ.82/2013 പ്രകാരം താങ്കൾക്ക് വിദേശജോലിക്കായി 05 വർഷത്തെ ശൂന്യവേതനാവധി അനുവദിക്കപ്പെട്ടതിനെ തുടർന്ന് താങ്കൾ 27/09/2013 മുതൽ അവധിയിൽ പ്രവേശിക്കുകയും അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ ജനറൽ അവർകളുടെ 19/09/2018 ലെ സർവ്വീസ് ഉത്തരവ് നമ്പർ.162/2018 പ്രകാരം 27/09/2018 മുതൽ 26/09/2023 വരെ 05 വർഷത്തേക്ക് ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്. താങ്കൾക്ക് അനുവദിച്ച അവധി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നമ്പർ.83/2020/ധന. തീയതി : 30.12.2020 പ്രകാരമുള്ള സർക്കാർ സർക്കുലറിൽ നിഷ്കർഷിച്ച രീതിയിൽ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചുകൊണ്ട് ഈ ഓഫീസിലെ 17/08/2023ലെ നമ്പർ.എ2-2976/2013 പ്രകാരം രജിസ്റ്റേഡ് തപാലിൽ താങ്കളുടെ ലഭ്യമായ മേൽവിലാസത്തിൽ കത്തയച്ചുവെങ്കിലും Addressee left India എന്ന് രേഖപ്പെടുത്തി ആയത് കൈപ്പറ്റാതെ തിരികെ ലഭിച്ചിരിക്കുകയാണ്. 27/09/2023 മുതൽ താങ്കൾ ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുകയാണ്.

ജോലിയിൽ പുന:പ്രവേശിക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലാ ഫയർ ഓഫീസർ താങ്കൾക്ക് രജിസ്റ്റേഡ് തപാലിൽ കത്തയച്ചുവെങ്കിലും Addressee left India എന്ന് രേഖപ്പെടുത്തി കത്ത് തിരികെ ലഭിച്ചതായും കോടഞ്ചേരി പോലീസ് സ്റ്റേഷനിൽ നിന്നും ലഭിച്ച കത്തിൽ താങ്കൾ ജോലി ആവശ്യാർത്ഥം കാനഡയിലാണെന്ന് അറിയിച്ചതായും കോഴിക്കോട് ജില്ലാ ഫയർ ഓഫീസർ 16/01/2024 ലെ കത്ത് നമ്പർ.DFOKKD/4765/2023-A പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. താങ്കൾക്ക് അനുവദിച്ച ശൂന്യവേതനാവധി 26/09/2023 ന് അവസാനിച്ചിരിക്കുകയാണ്. ശൂന്യവേതനാവധിക്ക് ശേഷം 27/09/2023 മുതൽ ഈ വകുപ്പിൽ ജോലിക്ക് ഹാജരാകാത്തതിനാൽ മേൽപറഞ്ഞ കുറ്റങ്ങൾ താങ്കൾ ചെയ്തതായി ആരോപിക്കുന്നു.

**ചാർജ്ജുകൾക്കാധാരമായ രേഖകൾ**

1) സ.ഉ.(അ) നം.152/2020/ധന. തീയതി. 05.11.2020
2) സർക്കാർ സർക്കുലർ നമ്പർ.83/2020/ധന. തീയതി. 30.12.2020
3) ഡയറക്ടർ ജനറൽ അവർകളുടെ 19/09/2018 ലെ സർവ്വീസ് ഉത്തരവ് നമ്പർ.162/2018
4) ഈ ഓഫീസിലെ 17/08/2023 ലെ കത്ത് നമ്പർ.എ2-2976/2013

5) ഈ ഓഫീസിലെ 05/10/2023 ലെ കത്ത് നമ്പർ.എ2-2976/2013

6) ഈ ഓഫീസിലെ 24/11/2023 ലെ കത്ത് നമ്പർ.എ2-2976/2013

7) കോഴിക്കോട് ജില്ലാ ഫയർ ഓഫീസറുടെ 16/01/2024 ലെ കത്ത് നമ്പർ.DFOKKD/4765/2023-A

Signed by
Rajeesh T
Date: 07-02-2024 17:46:43

REGIONAL FIRE OFFICER
KOZHIKODE.

<u>സ്വീകർത്താവ്</u>

1) ശ്രീ. പ്രതീഷ്.ഇ.കെ., ഇരിക്കാലിക്കൽ (ഹൗസ്), വേനപ്പാറ (പി.ഒ), ഓമശ്ശേരി, കോഴിക്കോട്-673572 (അസ്സലും ഒരു പകർപ്പും അയക്കുന്നു. അസ്സൽ കൈപ്പറ്റി പകർപ്പിൽ ഒപ്പ്, പേര്, തീയ്യതി സഹിതം കൈപ്പറ്റ് രേഖപ്പെടുത്തി രശീതി നൽകേണ്ടതാണ്).

<u>പകർപ്പ്:-</u>

1) ഡയറക്ടർ ജനറൽ അവർകൾക്ക് സമർപ്പിക്കുന്നു. (ആമുഖ കത്ത് സഹിതം)
2) ജില്ലാ ഫയർ ഓഫീസർ, ഫയർ & റെസ്ക്യൂ സർവ്വീസസ്, കോഴിക്കോട്.
3) സ്റ്റേഷൻ ഓഫീസർ, ഫയർ & റെസ്ക്യൂ സ്റ്റേഷൻ, മുക്കം.